# കേരള സർവകലാശാല

നം.പി.ആർ.208/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ ഡാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 26 മുതൽ സെപ്റ്റംബർ 28 വരെയും, നാലാം സെമസ്റ്റർ ബി.പി.എ മൃദംഗം പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 25 മുതൽ 27 വരെയും, നാലാം സെമസ്റ്റർ ബി.പി.എ വയലിൻ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 9 മുതൽ 17 വരെയും, നാലാം സെമസ്റ്റർ ബി.പി.എ വോക്കൽ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 24 മുതലും ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 മേയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റെഗുലർ, മൂന്നാം സെമസ്റ്റർ എം.സി.എ (2011 സ്കീം) സപ്ലിമെന്ററി, ഒന്നാം സെമസ്റ്റർ എം.സി.എ (2011 സ്കീം) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

2018 ജൂണിൽ നടത്തിയ ഒന്നാം വർഷ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ ഇക്കണോമിക്സ്, എം.എ പൊളിറ്റിക്കൽ സയൻസ്, എം.എ അറബിക്, എം.എ ഫിലോസഫി എന്നിവയുടെ പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ തീയതി

2018 ആഗസ്റ്റ്/സെപ്റ്റംബറിൽ മാറ്റിവച്ച നാലാം സെമസ്റ്റർ ബി.ടെക് 2013 സ്കീം പരീക്ഷകളുടെ പുതുക്കിയ തീയതി വെബ്സൈറ്റിൽ

### പരീക്ഷാകേന്ദ്രം

2018 സെപ്റ്റംബർ 24, 26 തീയതികളിൽ നടക്കുന്ന ഒന്നും രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പാർട്ട് – I ഇംഗ്ലീഷ് പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും (റെഗുലർ/സപ്ലിമെന്ററി) – പാർട്ട് – I പരീക്ഷയ്ക്ക് വേണ്ടി ഹാൾടിക്കറ്റ് പ്രത്യേകമായി ഓൺലൈൻ വഴി എടുക്കേണ്ടതും, അതിൽ രേഖപ്പെടുത്തിയിരിക്കുന്ന കേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതുമാണ്.

ഓഫ്ലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ മാർ ഇവാനിയോസ്, തിരുവനന്തപുരം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ വി.റ്റി.എം.എൻ.എസ്.എസ് ധനുവച്ചപുരത്തും, എഫ്.എം.എൻ കൊല്ലം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ കോളേജ്

ചാത്തന്നൂരും പരീക്ഷ എഴുതേണ്ടതാണ്. തിരുവനന്തപുരം ഗവ.സംസ്കൃത കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച രജിസ്റ്റർ നമ്പർ 21001 മുതൽ 21030 വരെയുള്ള വിദ്യാർത്ഥികൾ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും, രജിസ്റ്റർ നമ്പർ 21031 മുതൽ 21073 വരെയുള്ള വിദ്യാർത്ഥികൾ ഗവ.കോളേജ് കാഞ്ഞിരംകുളത്തും പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2018 ഒക്ടോബറിൽ ആരംഭിക്കുന്ന ബി.കോം (ആന്വൽ സ്കീം) (എസ്.ഡി.ഇ & പ്രൈവറ്റ്) പാർട്ട് മൂന്ന് പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്റ്റംബർ 29 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 3 വരെയും 125 രൂപ പിഴയോടെ ഒക്ടോബർ 5 വരെയും ഓൺലൈനായി www.de.keralauty.ac.in എന്ന വെബ്സൈറ്റിലും മറ്റുള്ളവർ നേരിട്ടും സെപ്റ്റംബർ 19 മുതൽ അപേക്ഷ നൽകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കേരള സർവകലാശാല ഒന്നാം വർഷ പി.ജി. പ്രവേശനം, 2018
## ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലും (ഗവ./എയ്ഡഡ്/സ്വാശ്രയ/ഐ.എച്ച്.ആർ.ഡി.) യു.ഐ.ടി.കളിലും ബിരുദാനന്തരബിരുദ(പി.ജി.) പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള (http://admissions.keralauniversity.ac.in) വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം വരുത്തുവാൻ അവസരം നൽകുന്നു. സെപ്തംബർ 19-ാം തീയതി വൈകുന്നേരം അഞ്ച് മണി മുതൽ സെപ്തംബർ 25 -ാം തീയതി രാവിലെ 10 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. ഓൺലൈൻ അപേക്ഷയിൽ നിലവിൽ നൽകിയിട്ടുള്ള ഓപ്ഷനുകൾ അടക്കം തിരുത്തലുകൾ വരുത്തുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. സെപ്തംബർ 25 രാവിലെ 10 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ യാതൊരു വിധത്തിലുമുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഇതിനായി സർവകലാശാലയെ നേരിട്ട് സമീപിക്കേണ്ടതില്ല.

ഇത്തരത്തിൽ വരുത്തിയ മാറ്റങ്ങൾ പരിഗണിച്ച് സെപ്തംബർ 26-ാം തീയതി വൈകുന്നേരം ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തും. നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സ്വന്തം നിലയ്ക്ക് തിരുത്തലിന് അവസരം ഇല്ല. തിരുത്തലുകൾ ആവശ്യമുള്ള അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ സർവകലാശാലയുമായി ബന്ധപ്പെടേണ്ടതാണ്. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർന്നുള്ള അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിൽ ലഭിച്ച കോളേജും കോഴ്സും നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. തിരുത്തലുകൾ വരുത്തിക്കഴിഞ്ഞവർ ഓൺലൈൻ അപേക്ഷയുടെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും 2018 സെപ്തംബർ 20, 22, 24 തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
19.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**